ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം

13 (*643) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധ നിയന്ത്രണ വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) പ്രതിവർഷം അയ്യായിരത്തോളം കോടി രൂപയുടെ മരുന്ന് വിറ്റഴിക്കപ്പെടുന്ന സംസ്ഥാനത്ത്, അവയുടെ ഗുണനിലവാരം ഉറപ്പാക്കിയശേഷമാണോ വിപണിയിൽ ലഭ്യമാക്കുന്നത് ;

(സി) മരുന്ന് വിറ്റഴിച്ചശേഷം നടത്തുന്ന പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; പരിശോധനാഫലം വരുന്നതിന് മുമ്പായിത്തന്നെ പ്രത്യേക ബാച്ച് മരുന്ന് വിറ്റഴിച്ച് തീരാനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ :

(ഡി) ഇതിനുപകരം വിശ്വാസയോഗ്യമായ ഗുണനിലവാര സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ബ്രാൻഡഡ് മരുന്നുകൾ മാത്രമേ വിപണിയിലെത്തുന്നുള്ളൂ എന്നുറപ്പാക്കാൻ മൊത്തവിതരണ സ്ഥാപനങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കാൻ തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) അക്കൗണ്ടന്റ് ജനറൽ കാലാകാലങ്ങളിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. പ്രസ്തുത പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ വകുപ്പ് യഥാസമയം പരിഹരിച്ചാണ് മുന്നോട്ടു പോകുന്നത്.

(ബി) കേന്ദ്ര നിയമത്തിലെ ഷെഡ്യൂൾ എം. (Good Manufacturing Practices) പ്രകാരം ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനിയിൽ അവർ നിർമ്മിക്കുന്ന മരുന്നുകൾ പരിശോധിക്കാൻവേണ്ട സജ്ജീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതും നിർമ്മിക്കുന്ന ഓരോ ബാച്ചിൽപ്പെട്ട മരുന്നുകളും വിൽക്കുന്നതിനുമുമ്പ് കമ്പനിയിലെ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. ഇപ്രകാരം നിർമ്മാതാക്കൾ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയ മരുന്നുകൾ മാത്രമാണ് സംസ്ഥാനത്ത് വിതരണത്തിനെത്തുന്നത്. ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മരുന്നുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്ക് എടുക്കുകയും പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വിൽപ്പന സംസ്ഥാനത്ത് തടയുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനിയിൽ അവർ നിർമ്മിക്കുന്ന മരുന്നുകൾ പരിശോധിച്ചശേഷമാണ് വിപണിയിൽ ഇറക്കുന്നത്. പ്രസ്തുത മരുന്നുകൾ വിൽപ്പനയ്ക്കായി വിപണിയിൽ എത്തിയശേഷമാണ് ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകൾ പരിശോധനയ്ക്ക് എടുക്കുന്നത്. വകുപ്പിൽ വരിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ എടുക്കുന്ന മരുന്ന് സാമ്പിളുകളൊഴികെ മറ്റ് പരിശോധനയ്ക്കെടുക്കുന്ന മരുന്നുകളുടെ വിൽപ്പന തടയാറില്ല. സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 11508 സാമ്പിളുകൾ പരിശോധനയ്ക്കെടുക്കുകയും അവയിൽ 489 എണ്ണം നിശ്ചിത ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയുമുണ്ടായി. ഇതിൽ 87 എണ്ണത്തിൽ ഡിപ്പാർട്ടുമെന്റ് പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ച 489 മരുന്നുകളുടെയും വിൽപ്പന തടഞ്ഞിട്ടുണ്ട്.

(ഡി) മരുന്നുകൾ നിർമ്മാതാക്കളുടെ ലബോറട്ടറിയിൽ പരിശോധിച്ച ശേഷമാണ് വിൽപ്പനയ്ക്കായി മൊത്തവിതരണ സ്ഥാപനങ്ങളിൽ എത്തുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധിക്കുകയും മരുന്നു സാമ്പിളുകൾ പരിശോധനയ്ക്ക് എടുക്കാറുമുണ്ട്.

നിർമ്മാതാവിന്റെ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമേ മരുന്ന് വിൽപ്പനയ്ക്കായി വിപണിയിൽ എത്തിക്കാവൂ എന്നാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിൽ അനുശാസിക്കുന്നത്. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഇക്കാര്യം സാധ്യമാവുകയുള്ളൂ.

108 ആംബുലൻസിന്റെ സേവനദാതാവായിരുന്ന സിക്കിസയെ മാറ്റാനിടയായ സാഹചര്യം

14 (*644) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നേരത്തെ 108 ആംബുലൻസിന്റെ സേവന ദാതാവായിരുന്ന 'സിക്കിസ' പെരൽത്ത് കെയർ-നെ മാറ്റാനിടയായ സാഹചര്യം അറിയിക്കാമോ ; അവർക്കെതിരെ സംസ്ഥാനത്ത് ഉയർന്നുവന്നിരുന്ന ആരോപണങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ഈ കമ്പനിക്കെതിരെ കേരളത്തിൽ ഉയർന്നുവന്ന ആരോപണങ്ങൾക്ക് സമാനമായ ആരോപണങ്ങൾ ഉയർന്നുവന്നതിനെ തുടർന്നുള്ള പരിശോധനയിൽ രാജസ്ഥാൻ ഗവൺമെന്റ് കമ്പനിക്കെതിരെ കേസ്സെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly